കാർഷിക സർവകലാശാലയുടെ പ്രവർത്തനം

9 [1933] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, പി. ടി. കുഞ്ഞിമുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനം സർവകലാശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങളും ആവശ്യങ്ങളും സാദ്ധ്യമാകത്തക്ക രീതിയിലല്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ആരോപണത്തിനിടയാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) സർവകലാശാലയുടെ ഇപ്പോഴത്തെ വൈസ്ചാൻസലർ എത്രവർഷമായി ഈ പദവിയിൽ തുടരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർവീസിൽ നിന്നും റിട്ടയർ ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥൻ ഉന്നത സ്ഥാനത്ത് തുടരുന്നത് സർവകലാശാലയിൽ വിമർശനത്തിനും ഉദ്യോഗസ്ഥർക്കിടയിൽ അസംതൃപ്തിയ്ക്കും കാരണമാക്കിയിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് ചില ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(ബി) ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 29-7-1992 മുതൽ.

(ഡി) നിലവിലുള്ള കാർഷിക സർവകലാശാല നിയമമനുസരിച്ച് നിയമന കാലാവധി മുതൽ 5 വർഷത്തേയ്ക്കാണ് വൈസ്ചാൻസലറെ നിയമിക്കുന്നത്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

പുതിയ കാർഷിക കോളേജ്

10 [1934] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാർഷിക കോളേജുകൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നു വ്യക്തമാക്കാമോ;

(സി) കാർഷിക സർവകലാശാല എത്ര കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തുന്നുണ്ട് എന്നും അവ എവിടെ എല്ലാം ആണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) കാർഷിക സർവകലാശാല വയനാട് ജില്ലയിലെ അമ്പല വയലിലും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും, കാസർകോട് ജില്ലയിലെ മഞ്ചേശ്വരത്തും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലുമായി നാല് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

കാർഷിക എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

11 [1935] ശ്രീ. എം. വിജയകുമാർ:
,, ലോനപ്പൻ നമ്പാടൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മെയ് 12-ന് കാർഷിക എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ഡിമാൻഡുകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ ഉറപ്പിന്മേൽ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ചർച്ചയിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചർച്ചയിലെ തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്:†

(ബി, സി, ഡി) സംസ്ഥാനത്ത് ഒരു കാർഷിക എഞ്ചിനിയറിംഗ് വകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. 2 മുതൽ 5 വരെയുള്ള തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. 6-ാമത്തെ തീരുമാനം നടപ്പാക്കുവാൻ കൃഷി (സോയിൽ കൺസർവേഷൻ) ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly